# Deepika

## 12 August 2018

## Thiruvananthapuram, After Flood, Help of Expatriates

പ്രളയദുരന്തം

## പ്രവാസികളുടെ സഹായം തേടി

**തിരുവനന്തപുരം:** പ്രളയദുരന്തം നേരിടുന്ന കേരളത്തെ അകമഴിഞ്ഞു സഹായിക്കാൻ എല്ലാ പ്രവാസികളോടും മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർഥിച്ചു. നോർക്ക റൂട്സുമായി സഹകരിക്കുന്നവരും ലോക കേരളസഭയുടെ ഭാഗമായി നിൽക്കുന്നവരും മുന്നിട്ടിറങ്ങേണ്ട സന്ദർഭമാണിത്. വിദേശമലയാളികൾക്കു വലിയ സഹായം ചെയ്യാൻ കഴിയും.

മുമ്പൊരിക്കലുമില്ലാത്ത ദുരിതമാണു പ്രകൃതിക്ഷോഭം മൂലം കേരളം നേരിടുന്നത്. മൂന്നു ദിവസത്തിനകം 29 പേർ വെള്ളപ്പൊക്ക കെടുതിയിൽ മരിച്ചു. കോടിക്കണക്കിനു രൂപയുടെ കൃഷിനാശമുണ്ടായി. നൂറുകണക്കിനു വീടുകൾ തകർന്നു. പാലങ്ങളും റോഡുകളും തകർന്നു. ജനജീവിതം സാധാരണ നിലയിലാകാൻ മാസങ്ങൾ വേണ്ടിവരും. എല്ലാ ഭാഗത്തുനിന്നും സഹായമുണ്ടായേ മതിയാവൂ. മനുഷ്യസ്നേഹികൾ ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

അക്കൗണ്ട് നം. 67319948232, എസ്ബിഐ. സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം, IFSC: SBIN0070028. സംഭാവന പൂർണമായും ആദായനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.